പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2031 26-10-2026-ൽ മറുപടിയ്ക്ക്

പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ രോഗികളുടെ വർധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ അധിക ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: നിലവിൽ ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനായി അഡ്ഹോക് വ്യവസ്ഥയിൽ 2 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 04 അധിക തസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

കിഫ്ബി നിർമ്മാണ പ്രവർത്തി പൂർത്തിയാകുന്ന മുറയ്ക്ക്, IPHS മാനദണ്ഡം അനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത,സേവനകേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി വിശദ വിലയിരുത്തൽ നടത്തി ഘട്ടം ഘട്ടമായി പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും ജോലി ചെയ്യുന്നതുമായ ഡോക്ടർമാരുടെ തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ 15 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 13 ഡോക്ടർമാർ സേവനം അനുഷ്ഠിച്ച് വരുന്നു.

ക്രമ നം .	തസ്തിക	അനുവദിച്ചിട്ടുള്ള എണ്ണം	നിലവിലുള്ളത്
1	ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ	1	1
2	ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓഫ്താൽമോളജി, ഇ എൻ ടി, പീഡിയാട്രിക്സ്)	5	3 (ജനറൽ മെഡിസിൻ, ഇ എൻ ടി, പീഡിയാട്രിക്സ്)
3	അസിസ്റ്റന്റ് സർജൻ	4	4
4	CMO	4	4
5	അസിസ്റ്റന്റ് ഡെന്റൽ സർജൻ	1	1

(സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ് തുടങ്ങിയ വിഭാഗങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഓഫ്താൽമോളജി ഡോക്ടർ 13/07/2026 തീയതിയിൽ സ്ഥലംമാറി പോയതിനു പകരം ടി തസ്തികയിലേക്ക് ഡോക്ടർ വന്നിട്ടില്ല. നിലവിൽ ഒരു അഡ്ഹോക്ക് ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. ഗൈനക്കോളജി വിഭാഗം ഡോക്ടർ 30/09/2026 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചു. പകരം നിയമനം നടത്തിയിട്ടില്ല. അഡ്ഹോക്ക് ഡോക്ടർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. സ്ഥാപനത്തിൽ ഓർത്തോപീഡിക്സിന്റെ തസ്തിക നിലവിലില്ല.

സെക്ഷൻ ഓഫീസർ